## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 642 | 31.10.2011ൽ മറുപടിയ്ക്ക് |
|---|---|
| എസ്.എം.എസ്. മുഖേന പരാതി | |
| ചോദ്യം | ഉത്തരം |
| ശ്രീ. വി. പി. സജീന്ദ്രൻ<br>" സണ്ണി ജോസഫ്<br>" ഹൈബി ഈഡൻ<br>" ഷാഫി പറമ്പിൽ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സ്ത്രീകൾക്ക് അടിയന്തിര ഘട്ടത്തിൽ പരാതി നൽകാനും വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ അറിയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) സ്ത്രീകൾക്ക് അടിയന്തിര ഘട്ടത്തിൽ പരാതി നൽകാനും വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ അറിയുന്നതിനും എസ്.എം.എസ് സംവിധാനം വനിതാ കമ്മീഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിനായി എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ; | (സി) ആപത്ഘട്ടങ്ങളിൽ അടിയന്തിരമായി വനിതാ കമ്മീഷന്റെ സഹായം ആവശ്യമുള്ളവർ 537252 എന്ന നമ്പരിലേയ്ക്ക് എസ്.എം.എസ് അയയ്ക്കുന്നു. ഇത് അപ്പോൾ തന്നെ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സെർവറിൽ വരുകയും എസ്.എം.എസ് ലഭിക്കുന്ന ഉടനെ സെർവറിൽ നിന്നും അലർട്ട് മെസേജ് |

| | |
|---|---|
| | വനിതാ കമ്മീഷനിലെ സർക്കിൾ ഇൻസ്പെക്ടറിന്റെയും സബ് ഇൻസ്പെക്ടറിന്റെയും മൊബൈൽ നമ്പരുകളിൽ എത്തുന്നു. ഉടൻ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്റ്റേറ്റ് പോലീസ് മോണിട്ടറിംഗ് റൂമിലേയ്ക്ക് വിവരം അറിയിക്കുകയും അവർ ഉചിതമായ നടപടി തക്കസമയം സ്വീകരിക്കുകയും തുടർ നടപടി സ്വീകരിക്കുന്നുവെന്ന് വനിതാ കമ്മീഷൻ ഉറപ്പു വരുത്തുകയും ചെയ്യുന്നു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സെർവർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) ഏത് ഏജൻസി വഴിയാണ് സംവിധാനം പ്രാവർത്തികമാക്കുന്നത് ? | (ഡി) എസ്.എം.എസ് സംവിധാനത്തിനുള്ള സാങ്കേതിക സഹായം നൽകുന്നത് നാഷണൽ ഇൻഫർമാറ്റിക് സെന്ററാണ്. |

R. Vijaya

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

എസ്.എം.എസ് സംവിധാനം മുഖാന്തിരം വനിതാ കമ്മീഷനെ സംബന്ധിച്ച ചുവടെ ചേർക്കുന്ന വിവരങ്ങൾ പരാതിക്കാരന് നേരിട്ട് ലഭ്യമാകുന്നതാണ്.

1. പരാതി രജിസ്റ്റർ ചെയ്യാൻ
2. പരാതിയുടെ ഇപ്പോഴത്തെ നിലയറിയാൻ
3. കേരളാ വനിതാ കമ്മീഷന്റെ മേൽവിലാസവും ഫോൺ നമ്പരും അറിയാൻ
4. ചെയർപേഴ്സൺ, മെമ്പർമാർ എന്നിവരുമായി ബന്ധപ്പെട്ട് വിവരങ്ങൾ അറിയാൻ
5. കമ്മീഷൻ സെക്രട്ടറിയിൽ നിന്ന് വിവരങ്ങൾ അറിയാൻ
6. ചെയർപേഴ്സനെ സംബന്ധിച്ച വിവരങ്ങൾ അറിയാൻ
7. കമ്മീഷന്റെ ഡയറക്ടറിൽ നിന്ന് വിവരങ്ങൾ അറിയാൻ
8. കമ്മീഷന്റെ സി.ഐ യിൽ നിന്ന് വിവരങ്ങൾ അറിയാൻ
9. അതാത് ജില്ലകളിലെ വനിതാ കമ്മീഷൻ മെമ്പറെ സംബന്ധിച്ച വിവരം ലഭ്യമാകുന്നതിന്
10. അതാത് ജില്ലകളിലെ രജിസ്റ്റേഡ് എൻ.ജി.ഒ-കളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന്
11. അതാത് ജില്ലകളിലെ സേവന ദാതാക്കളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന്
12. വിവിധ ജില്ലകളിലുള്ള വനിതാ ഹോസ്റ്റലുകളെ സംബന്ധിച്ച വിവരങ്ങൾ അറിയാൻ
13. വിവിധ ജില്ലകളിലെ സർക്കാർ അംഗീകരിച്ച ഷെൽട്ടർ ഹോമുകളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ
14. അതാത് ജില്ലകളിലെ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ വിവരങ്ങൾ ലഭ്യമാകുന്നതിന്
15. അതാത് ജില്ലകളിലെ ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന്
16. അതാത് ജില്ലകളിലെ വനിതാ ഹെൽപ്പ് ലൈൻ നമ്പർ ലഭ്യമാക്കുന്നതിന്
17. അതാത് ജില്ലകളിലെ അദാലത്ത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന്.

*******

R. Ajayakumar